സി.പി(2)25758/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 30.05.2014
*E-mail: keralarcs.coop@kerala.gov.in*
*Website:www.cooperation.kerala.gov.in*
*Tel. No. 0471-2330726*

# സർക്കുലർ നം : 25/2014

വിഷയം :- സഹകരണ വകുപ്പ് - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ/മത്സ്യവിൽപ്പനക്കാർ തുടങ്ങി അടിസ്ഥാന വർഗ്ഗക്കാരായ ആളുകൾക്ക് വായ്പ നൽകുന്നത് - കൊള്ളപ്പലിശക്കാരിൽ നിന്നും ആശ്വാസം നൽകുന്നത് - മാതൃകാ നിബന്ധനകൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. 21.05.2014 ൽ ചേർന്ന സഹകാരികളുടെ യോഗത്തിലെ തീരുമാനങ്ങൾ.
2. 22.05.2014 ന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ.
3. രജിസ്ട്രാറുടെ 28/2010 നമ്പർ സർക്കുലർ (സി.പി(2)28222/2010)

********

സംസ്ഥാനത്തിലെ സഹകരണ വായ്പാ മേഖലയ്ക്ക്, പ്രവർത്തന പരിധിയിലെ അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ടെങ്കിലും, സംഘത്തിൽ വായ്പ ലഭിക്കുന്നതിന് ഈട് നൽകുന്നതിന് ആസ്തിയോ, ജാമ്യം നൽകാൻ ആരുമില്ലാത്തവരോ ആയ ഒരു വിഭാഗം ജനങ്ങൾ എല്ലാ സംഘങ്ങളുടെയും പ്രവർത്തന പരിധിയിലുണ്ടെന്നുള്ളത് ഒരുവസ്തുതയാണ്. ദിവസക്കൂലിക്കാരായ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, തലച്ചുമടായും മറ്റും നടന്ന് കച്ചവടം നടത്തുന്നവർ/ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ/മത്സ്യവിൽപ്പനക്കാർ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗക്കാരും, തൊഴിലെടുക്കുവാൻ/കച്ചവടം നടത്തുവാൻ ചെറിയ മൂലധനം പോലുമില്ലാത്തവർ, കൊള്ളപ്പലിശക്കാരിൽനിന്നും പണം കടംവാങ്ങുകയും, പിന്നീട് അവരുടെ പിടിയിൽ നിന്നും രക്ഷപ്പെടാനാ കാതെ കഷ്ടപ്പെടുന്നതായി ഈയിടെ പുറത്തുവരുന്ന വാർത്തകൾ തെളിയിക്കുന്നു. സംസ്ഥാനത്തിലാകെ വേരോട്ടമുള്ള സഹകരണ പ്രസ്ഥാനത്തിന് ഇക്കാര്യത്തിൽ ഏറെ ചെയ്യുവാൻ കഴിയുമെന്ന് കാണുന്നു. സൂചന(1), (2) പ്രകാരം ചേർന്ന യോഗങ്ങളിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മേൽ ഖണ്ഡികയിൽ പരാമർശിക്കുന്ന വിഭാഗക്കാരാണ് കൂടുതലും കൊള്ളപ്പലിശക്കാരുടെ കെണിയിൽ അകപ്പെട്ടിട്ടുള്ളതെന്നും, ചെറിയ വരുമാനക്കാരായ അത്തരക്കാരെ സഹായിക്കുവാൻ സഹകരണമേഖലയ്ക്ക് കഴിയുമെന്നും വിലയിരുത്തുകയും, 5,000/- രൂപവരെയുള്ള വായ്പകൾ ആവശ്യകത ബോദ്ധ്യപ്പെട്ട് യാതൊരു ഈടും വാങ്ങാതെ നൽകുന്നതിനും, തദ്വാരാ അത്തരക്കാരെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

കേരളത്തിൽ മേൽവിഭാഗം ജനവിഭാഗങ്ങൾക്കിടയിൽ വ്യാപിച്ചിട്ടുള്ള കൊള്ളപ്പലിശ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് സഹകരണ മേഖലയ്ക്ക് ഒരു കൈത്താങ്ങായി പ്രവർത്തിക്കുവാൻ കഴിയും. സംഘം ഭാരവാഹികൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവർക്ക്, അർഹതപ്പെട്ടവരെ കണ്ടെത്തുന്നതിനും, അവരെ സഹായിക്കുന്നതിനും, സംഘത്തിൽ നിന്ന് ചെറുകിട വായ്പകൾ നൽകുന്നതിനും, കൃത്യമായി തിരിച്ചടയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകാനും കഴിയുമെന്ന് കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാതൃകാ നിബന്ധനകളിൽ ഭേദഗതി വരുത്തി അവർക്ക് ആശ്വാസം നൽകുന്നതിന് 10,000/- രൂപവരെ നൽകാൻ കഴിയുന്ന വായ്പയുടെ മാതൃകാ നിബന്ധനകൾ ഇതോടൊപ്പം അടക്കം ചെയ്യുന്നു.

ടി പദ്ധതി വിജയകരമാക്കുന്നതിന് സഹകരണസംഘം ഭാരവാഹികൾ, അംഗങ്ങൾ, ജീവനക്കാർ, സർക്കിൾസഹകരണയൂണിയനുകൾ എന്നിവ നടപടികൾസ്വീകരിക്കണമെ ന്നും, പ്രവർത്തനപരിധി യിൽ ആവശ്യമായ പ്രചരണം നൽകണമെന്നും നിർദ്ദേശിക്കുന്നു.

വകുപ്പ് ഉദ്യോഗസ്ഥർ, ടി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകേണ്ടതും, അവരവരുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ ഓരോ മാസത്തിലെയും പുരോഗതി അവലോകനം നടത്തേണ്ടതുമാണ്.

ഒപ്പ്/-

എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷികഗ്രാമവികസനബാങ്ക്,
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ/ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
9. എഡിറ്റർ, സഹകരണ വീഥി
10. എഡിറ്റർ, സഹകരണ ജേർണൽ
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. വെബ്സൈറ്റ്
13. സി.ജി(1)22095/14 ഫയലിലേയ്ക്ക്
14. സ്റ്റോക്ക് ഫയൽ

**അനുബന്ധം**
**(സർക്കുലർ നം. 25/2014)**

**സഹകരണ വായ്പാ സ്ഥാപനങ്ങൾ മുഖേന ജാമ്യമില്ലാ വായ്പകൾ നൽകുന്നതിനുള്ള മാതൃകാ നിബന്ധനകൾ**

1. ഈ നിബന്ധനകൾ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പ എടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വായ്പക്കാർക്കും, ചെറുകിട കച്ചവടക്കാർക്കും, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ/മത്സ്യവിൽപ്പനക്കാർ, സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങിയവർക്കുള്ള വായ്പ നൽകുന്നതിനുള്ള നിബന്ധനകൾ എന്നു വിളിക്കപ്പെടും.

2. ഭരണസമിതിയുടെ തീരുമാന പ്രകാരം, അതാതു സംഘങ്ങൾക്ക് ഇത്തരം വായ്പകൾ നൽകാവുന്നതാണ്. ഈ മാതൃകാ ഉപനിബന്ധനകൾ ഭരണസമിതിക്ക് അംഗീകരിക്കാവുന്നതും, ഇതിനായി പ്രത്യേകം അംഗീകാരം വാങ്ങേണ്ടതില്ലാത്തതുമാണ്.

3. **നിർവ്വചനങ്ങൾ**:-

   എ. സംഘം/ബാങ്ക് എന്നാൽ 1969-ലെ കേരള സഹകരണസംഘം നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും, ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും ആയിരിക്കും.

   ബി. അംഗങ്ങൾ എന്നാൽ കേരള സഹകരണസംഘം നിയമത്തിനും, ചട്ടത്തിനും, ബൈലായ്ക്കും വിധേയമായി നിയമാനുസൃതം സംഘത്തിൽ ചേർത്തിട്ടുള്ള അംഗങ്ങൾ എന്നർത്ഥമാകുന്നു.

   സി. ഭരണസമിതി/മാനേജിംഗ് കമ്മറ്റി എന്നാൽ ബൈലാ അനുസരിച്ച് ബാങ്കിന്റെ ഭരണ കാര്യങ്ങൾ നടത്താൻ അധികാരപ്പെട്ട സമിതിയോ, കേരള സഹകരണ സംഘം നിയമം വകുപ്പ് 32, 33 എന്നിവ പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്ററോ, അഡ്മിനിസ്ട്രേറ്റർമാരോ എന്നർത്ഥമാകുന്നു.

4. **ടി വായ്പയ്ക്ക് അർഹതയുണ്ടാകുന്നതിന് താഴെ പറയുന്ന യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.**

   എ. ഈ ഉപനിബന്ധനകൾ പ്രകാരം, ദാരിദ്ര്യ രേഖയ്ക്ക് താഴെ താമസിക്കുകയോ, ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുകയോ, സ്ഥിരമായ മാസവരുമാനം ഇല്ലാതിരിക്കുകയോ, സ്വന്തമായി സ്ഥലമില്ലാതിരിക്കുകയോ, സ്ഥിരമായ മാസവരുമാനമുള്ള തൊഴിലില്ലാതിരിക്കുകയോ (ഉദാ: കൂലിവേലക്കാർ, മത്സ്യം, പച്ചക്കറി തുടങ്ങിയ തലച്ചുമടായി കച്ചവടം ചെയ്യുന്ന ചെറുകിട കച്ചവടക്കാർ എന്നിവർക്ക്)ചെയ്യുന്നവർ, സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങിയവർക്ക് മാത്രമേ ഈ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ബി. വായ്പ എടുക്കുന്നതിന് യോഗ്യതയുള്ള അംഗമായിരിയ്ക്കണം/വ്യക്തിയായിരിക്കണം.

സി. സംഘം/ബാങ്ക് പ്രവർത്തന പരിധിയിൽ താമസിക്കുന്ന ആളായിരിയ്ക്കണം.

ഡി. ഭർത്താവും, ഭാര്യയും സംഘാംഗങ്ങളാണെങ്കിൽ ഒരു സമയം ഒരാൾക്കു മാത്രമേ ഈ വായ്പ അനുവദിക്കുകയുള്ളൂ.

ഇ. വായ്പയ്ക്ക് അപേക്ഷിക്കുന്ന വേളയിൽ വായ്പ ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കണം.

എഫ്. വായ്പക്കാരന്, സഹകരണ സ്ഥാപനത്തിൽ/ബാങ്കിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. അക്കൗണ്ടില്ലെങ്കിൽ, ഒരു സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

5. വായ്പയുടെ ഓഹരി അനുപാതം - 1 ഓഹരി മാത്രം

6. ഈ പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി തുക 10,000/- രൂപയായിരിക്കുന്നതാണ്. എന്നാൽ ചെറുകിട കച്ചവടാവശ്യത്തിനും/തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5000/- രൂപ വരെ, വ്യക്തികൾക്ക് നൽകാവുന്നതാണ്.

7. <u>**വായ്പ അനുവദിക്കുന്ന വിധം**</u>

❖ വായ്പയ്ക്കുള്ള അപേക്ഷ നിശ്ചിതഫോറത്തിൽ സംഘം സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. അപേക്ഷകന്/അപേക്ഷകയ്ക്ക് സംഘത്തിൽ/ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടില്ലെങ്കിൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. വായ്പയ്ക്കുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ആയത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷ കൈപ്പറ്റിയതിനുള്ള രസീത് നൽകേണ്ടതാണ്. അപേക്ഷ പരിശോധിച്ച്, വായ്പയ്ക്കുള്ള ആവശ്യകത ബോദ്ധ്യപ്പെട്ട് വായ്പക്കാരന് സംഘം ബൈല പ്രകാരം അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം 5000/- രൂപവരെയുള്ള വായ്പകൾ അന്നു തന്നെയോ അടുത്ത ദിവസമോ സംഘം ചീഫ് എക്സിക്യൂട്ടീവിന് അനുവദിക്കാവുന്നതാണ്. 5000/- രൂപയ്ക്ക് മുകളിൽ 10000/- രൂപവരെയുള്ള വായ്പ അപേക്ഷകൾ പരമാവധി 5 ദിവസത്തിനകം അനുവദിക്കേണ്ടതാണ്. ടി വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയോടെ പ്രസിഡന്റ് അനുവദിക്കേണ്ടതും, വായ്പക്കാരന് തുക നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും വായ്പ അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള ടി കാലയളവ് അധികരിക്കാൻ പാടുള്ളതല്ല.

❖ ഇപ്രകാരം അനുവദിക്കുന്ന വായ്പകൾ എല്ലാംതന്നെ അടുത്തുകൂടുന്ന ഭരണസമിതി യോഗത്തിൽ സാധൂകരണത്തിന് സമർപ്പിക്കേണ്ടതുമാണ്.

❖ വായ്പ തുക നൽകുന്ന സമയത്ത് ആകെ നൽകിയ തുക, തീയതി, തിരിച്ചടവ് എന്നിവ രേഖപ്പെടുത്തുന്നതിനായി ഒരു പാസ്സ് ബുക്ക് വായ്പക്കാരന് നൽകേണ്ടതും, ആയതിൽ വരുന്ന എല്ലാ രേഖപ്പെടുത്തലുകളും യഥാസമയം ബാങ്ക് സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

- ❖ വായ്പ തുക എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റുകയും, ചെക്ക്/പിൻവലിക്കുന്നതിനുള്ള ഫോറം ഉപയോഗിച്ച് അന്നുതന്നെയോ, ആവശ്യമുള്ളപ്പോഴോ തുക പിൻവലിക്കാവുന്നതാണ്.

8. പലിശ :- രജിസ്ട്രാർ കാലാകാലങ്ങളിൽ ചുമത്തുന്ന പലിശ ഈ വായ്പകൾക്ക് ഈടാക്കാവുന്നതാണ്.

പിഴപ്പലിശ :- തവണ വീഴ്ച വരുത്തുന്നപക്ഷം ടി തവണകൾക്ക് നിയമാനുസൃതമായ പിഴപ്പലിശ ചുമത്തുന്നതാണ്. എന്നാൽ ഭരണസമിതിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം തോന്നുന്ന പിഴപ്പലിശ ഒഴിവാക്കാവുന്നതാണ്.

9. റിസ്ക്ക് ഫണ്ടിൽ ടി വായ്പക്കാരനെ അംഗമാക്കേണ്ടതും തുകയ്ക്ക് ആനുപാതികമായ വിഹിതം ഈടാക്കേണ്ടതുമാണ്.

10. ജാമ്യം - വായ്പക്കാരന്റെ സ്വന്തം ജാമ്യം

11. **തിരിച്ചടവ്:-**

എ. 10000/- രൂപവരെയുള്ള വായ്പ തുക പ്രതിദിന തവണകളായോ, പ്രതിവാര തവണകളായോ, പ്രതിമാസ തവണകളായോ പരമാവധി 1 വർഷത്തിനകം വായ്പക്കാരന്റെ രേഖാമൂലമുള്ള സമ്മതപ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്.

ബി. 5000/- രൂപവരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകം തിരികെ അടയ്ക്കേണ്ടതാണ്.

സി. വായ്പ തുക സംഘത്തിൽ നേരിട്ടടയ്ക്കുകയോ, സംഘം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മുഖേനയോ തിരിച്ചടയ്ക്കേണ്ടതാണ്.

ഡി. സംഘം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മുഖേനയാണ് തുക തിരിച്ചടയ്ക്കുന്നതെങ്കിൽ ശേഖരിക്കുന്ന തുകയ്ക്ക് അപ്പോൾ ത്തന്നെ ഇതിനായുള്ള പ്രത്യേക രസീത്നൽകേണ്ടതും രസീതിൽ വായ്പക്കാരന്റെ കൈയ്യൊപ്പുംവാങ്ങേണ്ടതാണ്.

ഇ. ഇപ്രകാരം ശേഖരിക്കുന്ന തുക വായ്പക്കാരന്റെ കൈവശമുള്ള പാസ്സ് ബുക്കിലും രേഖപ്പെടുത്തി ബാങ്ക് ചുമതലപ്പെടുത്തുന്ന ഏജന്റ്/ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

എഫ്. വായ്പക്കാരന്റെ സേവിംഗ്സ് അക്കൗണ്ടിൽ നിന്നും ദിവസേനയോ, പ്രതിവാരമായോ, പ്രതിമാസമായോ, വായ്പാ കണക്കിലേയ്ക്ക് മാറ്റുന്നതിന് രേഖാമൂലം സമ്മതപത്രം നൽകാവുന്നതും, ടി സമ്മതപത്ര പ്രകാരം തുക വായ്പാ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. ഇപ്രകാരം മാറ്റുന്ന തുകയ്ക്ക് ടിയാന് രസീത് നൽകേണ്ടതുമാണ്.

ജി. നിശ്ചിത തവണ തുകകൾക്ക് പുറമേ ഒന്നിൽ കൂടുതൽ തവണകൾ ഒന്നായി അടച്ചുതീർക്കുന്നതിന് വായ്പക്കാരന് അവകാശമുണ്ടായിരിക്കും.

എച്ച്. നിലവിലുള്ള വായ്പ തിരിച്ചടച്ചു കഴിഞ്ഞതിനു ശേഷമേ പുതുതായി വായ്പ അനുവദിക്കുകയുള്ളൂ. കാലാവധിക്ക് മുമ്പ് അടച്ചുതീർത്തവർക്ക് വീണ്ടും വായ്പയ്ക്ക് അർഹതയുണ്ടായിരിക്കും.

ഐ. വായ്പ തവണകൾ തിരിച്ചടയ്ക്കുന്നതിന് വീഴ്ചവരുത്തുന്നപക്ഷം, ബാക്കിയുള്ള വായ്പ തുകയും, പലിശയും ഒന്നായി നോട്ടീസ് നൽകി ഈടാക്കുന്നതിന് ഭരണ സമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ജെ. വായ്പയിലേയ്ക്ക് അടയ്ക്കുന്ന തുക, പലിശ, മുതൽ എന്ന ക്രമത്തിൽ വരവ് വയ്ക്കുന്നതായിരിക്കും.

12.. സംഘം ഭരണ സമിതി, ചീഫ് എക്സിക്യൂട്ടീവിനെയോ/ഒരു സീനിയർ ഉദ്യോഗസ്ഥനെയോ ഇത്തരം വായ്പകളുടെ ചുമതല ഏൽപ്പിക്കേണ്ടതും, ഏജന്റ്/ഉദ്യോഗസ്ഥൻ ശേഖരിക്കുന്ന തുക പാസ്സ് ബുക്കിൽ/വായ്പ കണക്കിൽ വരവ് വയ്ക്കുന്നുവെന്ന് 2 ആഴ്ചയിലൊരിക്കൽ നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

13. ഇത്തരം വായ്പകൾക്ക് വ്യാപകമായ പരസ്യം, സംഘം പ്രവർത്തനപരിധിയിൽ നൽകേണ്ടതാണ്.

14. ഈ വായ്പ സംബന്ധിച്ച് എന്തെങ്കിലും തർക്കമോ മറ്റോ ഉണ്ടായാൽ ആയത് കേരള സഹകരണ നിയമം 69-ാം വകുപ്പ് അനുസരിച്ചുള്ള ആർബിട്രേഷൻ തീരുമാനത്തിന് വിധേയമായിരിയ്ക്കും. എന്നാൽ ഇത്തരം വായ്പകൾക്ക് ആർബിട്രേഷൻ, എക്സിക്യൂഷൻ(ജപ്തി) മുതലായവ പരമാവധി ഒഴിവാക്കേണ്ടതാണ്.

15. ഈ ഉപനിബന്ധനകളിൽ എന്തെങ്കിലും വ്യാഖ്യാനം ആവശ്യമാണെങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ തീർപ്പിനായി വിടേണ്ടതും, രജിസ്ട്രാറുടെ തീർപ്പ് അന്തിമവുമായിരിയ്ക്കും.

ഒപ്പ്/-
സഹകരണസംഘം രജിസ്ട്രാർ